KOCHI
BIENNALE
FOUNDATION

*പത്രക്കുറിപ്പ്* *27.09.2017*

# മെലഡിയിൽ വിസ്മയം തീർത്ത്
# നിയമവ്യവസ്ഥിതിയുടെ കാവലാളുകൾ

കൊച്ചി: കാക്കിക്കുള്ളിലെ കലാഹൃദയത്തെ കാലങ്ങളോളമായി കാത്തുസൂക്ഷിക്കുന്നുവെന്ന് തെളിയിച്ചുകൊണ്ട് ഒരു പൊലീസുദ്യോഗസ്ഥൻ എറണാകുളം ജനറൽ ആശുപത്രിയിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സാന്ത്വന സംഗീതവുമായെത്തി. കൂടെ പാടിയതാകട്ടെ ഹൈക്കോടതി ജീവനക്കാരിയും.

എറണാകുളം ജനറൽ ആശുപത്രിയിലെ സംഗീത സാന്ത്വന പരിപാടിയായ ആർട്സ് ആൻഡ് മെഡിസിന്റെ 188-ാമത് ലക്കത്തിൽ പാടാനെത്തിയത് എറണാകുളം അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ലെയ്സൺ ഓഫീസറായ ജ്യോതി കുട്ടനും ഹൈക്കോടതിയിൽ ജോലി ചെയ്യുന്ന ആനീസ് ക്ലീറ്റസുമായിരുന്നു. ആർട്സ് ആൻഡ് മെഡിസിനിൽ ശ്രുതിമാധുര്യമുള്ള ഗാനങ്ങളുടെ പരമ്പര തന്നെ തീർത്തെടുക്കുകയായിരുന്നു ഇവർ ചെയ്തത്.

കൊച്ചി-ബിനാലെ ഫൗണ്ടേഷൻ, മെഹ്ബൂബ് മെമ്മോറിയൽ ഓർക്കസ്ട്ര, കാസിനോ എയർ കാറ്ററേഴ്സ് ആൻഡ് ഫ്ളൈറ്റ് സർവീസസ് എന്നിവർ സംയുക്തമായാണ് ആർട്സ് ആൻഡ് മെഡിസിൻ സംഘടിപ്പിച്ചു വരുന്നത്.

വിദ്യാർത്ഥിജീവിതം മുതൽ തന്നെ പാട്ടിന്റെ വഴിയിൽ സഞ്ചരിച്ചു തുടങ്ങിയ ജ്യോതിക്കുട്ടൻ സർവകലാശാലാതലത്തിൽ നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. വെല്ലുവിളികൾ നിറഞ്ഞ കർമ്മ മേഖലയിലും തന്റെ സംഗീതാഭിരുചി മായാതെ സൂക്ഷിക്കുന്നുവെന്നത് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു. കേരള ഹൈക്കോടതി ലീഗൽ സർവീസസ് അഥോറിറ്റിയിൽ ജോലി ചെയ്യുന്ന ആനീസ് ക്ലീറ്റസ് ഏലൂർ സ്വദേശിയാണ്.

ഒരു യുഗം തൊഴുതാലും എന്ന ഭക്തി ഗാനത്തോടെ ജ്യോതികുട്ടനാണ് പരിപാടി തുടങ്ങിയത്. ശ്രോതാക്കളുടെ പ്രിയപ്പെട്ട മെലഡികളായ 14 പാട്ടുകൾ ഇരുവരും പാടി. പ്രമദവനം, ഉയിരേ ഉയിരേ, ചന്ദനത്തിൽ കടഞ്ഞെടുത്ത, മിന്നാ മിനുങ്ങേ, നീലവാനച്ചോലയിൽ, ശങ്കരാ, കസ്തൂരി മണക്കുന്നല്ലോ, റംസാനിലെ ചന്ദ്രികയോ തുടങ്ങി ഒമ്പത് ഗാനങ്ങളാണ് ജ്യോതിക്കുട്ടൻ അവതരിപ്പിച്ചത്.

കാണാക്കുയിലേ..., ഉണരൂ വേഗം നീ സുമറാണീ..., തളിരിട്ട കിനാക്കൾ തൻ...,മോഹം കൊണ്ട് ഞാൻ...,,പൂന്തേനരുവി എന്നീ അഞ്ച് ഗാനങ്ങൾ ആനീസ് ക്ലീറ്റസും പാടി.

1/1903, Kunnumpuram, Fort Kochi, Kerala –682 001, India. Tel: +91 484 2215287, +91 484 2215297(Fax) Email: info@kochimuzirisbiennale.org
kochimuzirisbiennale.org